"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാങ്കേതികവിദ്യാഭ്യാസം- ഡോ.വൃന്ദ.വി.നായർ, ഡയറക്ടർ, എസ്.പി.എഫ്.യു. - എ പി ജെ അബ്ദുൾകലാം കേരള സാങ്കേതിക സർവകലാശാലയിൽ 'First Dean (Research)' തസ്തികയിൽ സേവിച്ചിരുന്ന 17.02.2017 മുതൽ 10.08.2020 വരെയുള്ള കാലയളവ് ഡെപ്യൂട്ടേഷനായി പരിഗണിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.589/2021/HEDN** തീയതി,തിരുവനന്തപുരം, 15/04/2021

പരാമർശം:- 1.സഉ (സാധാ)177/2017/ ഉവിവ തീയതി 03.02.2017
2.സഉ (സാധാ) 1339/2020/ ഉവിവ തീയതി 27/10/2020
3.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 17.02.2021 ലെ ഇഎ-1/17002/20/ ഡിറ്റിഇ നമ്പർ കത്ത് .

**ഉത്തരവ്**

സൂചന (1) ഉത്തരവ്വ പ്രകാരം തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസറായിരുന്ന ഡോ. വൃന്ദ വി.നായരെ കേരള സാങ്കേതിക സർവകലാശാലയിൽ 'First Dean (Research)' തസ്തികയിൽ നിയമിച്ചിരുന്നു. അവിടത്തെ സേവനം അവസാനിച്ചതിനെത്തുടർന്ന് സൂചന (2) പ്രകാരം, ടിയാളെ മാതൃവകുപ്പിൽ പുനഃപ്രവേശിക്കുകയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.എഫ്.യു. ഡയറക്ടറായി നിയമനം നൽകുകയും ചെയ്തിരുന്നു. ടിയാളുടെ 17.02.2017 മുതൽ 10.08.2020 വരെയുള്ള കാലയളവ് ഡെപ്യൂട്ടേഷൻ എന്ന രീതിയിൽ പരിഗണിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സൂചന(3) പ്രകാരം സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ SPFU ഡയറക്ടറായ ഡോ.വൃന്ദാ വി.നായർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ 'First Dean (Research)' ആയി സേവനമനുഷ്ഠിച്ചിരുന്ന 17-02-2017 മുതൽ 10-08-2020 വരെയുള്ള കാലയളവ്, ഡെപ്യൂട്ടേഷൻ വ്യവസ്ഥകളും, സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഡെപ്യൂട്ടേഷനായി പരിഗണിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**C AJAYAN**
**ADDITIONAL SECRETARY**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.

ഡോ. വൃന്ദാ.വി.നായർ, ഡയറക്ടർ എസ്.പി.എഫ്.യു, സാങ്കേതിക വിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം.

രജിസ്ട്രാർ, കേരള സാങ്കേതിക സർവ്വകലാശാല, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ) വകുപ്പ്

*www.highereducation.kerala.gov.in*

കരുതൽ ശേഖരം/ കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ